## 472

എന്താനന്ദം യേശുമഹേശനെ പിന്തുടരുന്നതു മനമേ!
വൻതാപമതിൽ താൻ തണലേകും സന്തതമവൻ തുണയാകും

1 ഭാരമെഴുന്നീ പാരിടവാസം പാർക്കുകിലെന്തു പ്രയാസം
ഭാരമശേഷം തന്നുടെ ശീർഷം തീർക്കുമതെന്താശ്വാസം-

2 യുദ്ധവിപത്തും സത്യവിരുദ്ധവുമിദ്ധരയിൽ വളർന്നാലും
മർത്യരെല്ലാരുമെതിർത്തുവെന്നാലും നൽകിടുമവൻ സങ്കേതം-

3 ഭീതിയകറ്റി കൂടെ നടത്തി പ്രീതി വളർത്തി ദിനവും
ക്ഷീണിക്കും സമയം താങ്ങിടും സദയം കാണിക്കും നൽവഴിയഭയം-

4 ഒരു തുണയിതുപോലൊരുവനില്ലുലകിൽ കരുതുവതിന്നുമില്ലറികിൽ
മരണമാം യോർദ്ദാൻ കരയിലുമരികിൽ
ശരണമവൻ തുരുമൊടുവിൽ-

**T.K.S**